ട്രേഡ് യൂണിയൻ ഉണ്ടാക്കുക എന്നൊക്കെ പറയുന്നത് ഗവൺമെന്റിന്റെ ജോലിയല്ല, അതൊക്കെ വേറെ രാഷ്ട്രീയ പാർട്ടികൾ ചെയ്തുകൊള്ളും. അതൊന്നും ഗവൺമെന്റിന് ഏറ്റെടുക്കാൻ പറ്റില്ല. കൈരളി ലോട്ടറി ടിക്കറ്റിന് 10 രൂപ ആക്കിയിട്ടുപോലും കഴിഞ്ഞതവണ ഉണ്ടായിരുന്നതിനേക്കാൾ ഇരട്ടി വിൽപ്പനയായി. എമൗണ്ടിൽ മാത്രമല്ല, ലോട്ടറി ടിക്കറ്റ് വിറ്റതുതന്നെ 10 രൂപ ആക്കിയതിനുശേഷം ഇരട്ടിയിൽ കൂടുതൽ വിൽപ്പനയായി. അതുകൊണ്ട് അത് കുറയ്ക്കേണ്ട കാര്യമില്ല. അനുകൂലരായി എന്തെങ്കിലും പറഞ്ഞാൽ കൊള്ളാമെന്നുണ്ടായിരുന്നു. ഇപ്പോൾ അദ്ദേഹം ഉന്നയിച്ച കാര്യങ്ങൾക്കൊന്നും ഞാൻ നോക്കിയിട്ട് തൽക്കാലം ഒന്നും ചെയ്യാൻ കഴിയുമെന്ന് തോന്നുന്നില്ല. എങ്കിലും അതിൽ എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ എന്ന് പരിശോധിക്കാം.

(4) സ്വാതന്ത്ര്യ സമര പെൻഷൻ പദ്ധതിയിൽ ഖാദി-ഹിന്ദി പ്രചാരകരെക്കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. ബി. വിജയകുമാർ : സർ, സംസ്ഥാന സ്വാതന്ത്ര്യ സമര പെൻഷൻ പദ്ധതി സ്വാതന്ത്ര്യ സമര കാലത്തുള്ള ഖാദി-ഹിന്ദി പ്രചാരകർക്കുകൂടി ബാധകമാക്കിക്കൊണ്ട് 1994-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. 1947 ആഗസ്റ്റ് 15-നുമുമ്പ് 3 വർഷത്തിൽ കുറയാതെയുള്ള ഖാദി-ഹിന്ദി പ്രചാരകർക്കാണ് അർഹത എന്നും 31-3-1995-നുമുമ്പ് അപേക്ഷിക്കണമെന്നും ജില്ലാ കളക്ടർ അത് പരിശോധിച്ച് പെൻഷൻ അനുവദിക്കണമെന്നും 1994-ലെ ആ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്ന ഉടൻ ഈ പദ്ധതി ക്യാൻസൽ ചെയ്യുകയും വീണ്ടും അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാർ ഇത് നടപ്പാക്കാൻ തീരുമാനിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി 20-10-2004-ൽ 72 പേർക്ക് പെൻഷൻ അനുവദിച്ചുകൊണ്ട് ഉത്തരവായി. എന്നാൽ തിരുവനന്തപുരം ജില്ല ഉൾപ്പെടെയുള്ള ചില ജില്ലകളിൽ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനുള്ള ജില്ലാതല കമ്മിറ്റികൾ നിലവിലില്ലാത്തതിനാൽ പല ജില്ലകളിലും പെൻഷൻ അനുവദിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് അടിയന്തിരമായി ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ച് ബാക്കി ജില്ലകളിൽ കൂടി പെൻഷൻ അനുവദിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു കാര്യം, ഇത് തിരുവനന്തപുരത്ത് മാത്രമല്ല, തൃശൂർ ജില്ലയെ സംബന്ധിച്ചിടത്തോളം അർഹതപ്പെട്ടവരുടെ ലിസ്റ്റ് നേരത്തേ പ്രസിദ്ധീകരിച്ചെങ്കിലും അന്നത്തെ കളക്ടർ എന്തോ ക്ലാരിഫിക്കേഷൻ എഴുതി എന്നുപറഞ്ഞ് ആർക്കും കൊടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് എല്ലാ ജില്ലകളിലെയും അർഹതപ്പെട്ട ആളുകൾക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻചാണ്ടി)* : സർ, 1-10-1994-ൽ ഒരു സർക്കാർ ഉത്തരവ് പ്രകാരം ഖാദി-ഗ്രാമ രംഗത്ത് പ്രവർത്തിച്ചവർക്ക് പെൻഷൻ കൊടുക്കാൻ തീരുമാനിക്കുകയുണ്ടായി. പക്ഷേ അപേക്ഷ ക്ഷണിച്ച് കുറച്ച് പേർക്ക് മാത്രമേ പെൻഷൻ നൽകുന്നതിനുള്ള സാംങ്ഷൻ കൊടുക്കാൻ കഴിഞ്ഞുള്ളു. ബാക്കിയുള്ളവരുടെ ലിസ്റ്റ് പരിഗണിച്ചുകൊണ്ടിരിക്കേ 31-8-1996-ൽ അന്നത്തെ മാറിവന്ന ഗവൺമെന്റ് ഈ പെൻഷൻ പദ്ധതി കാൻസൽ ചെയ്തതിനെത്തുടർന്ന് പെൻഷൻ കിട്ടിക്കൊണ്ടിരുന്നവർക്ക് അത് കിട്ടാതെയായി. പിന്നീട് കൊടുത്ത അപേക്ഷകൾ പരിഗണിക്കാതെ മാറ്റി വയ്ക്കുകയും ചെയ്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഈ പെൻഷൻ പുനഃസ്ഥാപിക്കാൻ തീരുമാനിച്ചു. മുന്ന് പെൻഷൻ കിട്ടിത്തുടങ്ങിയവർക്ക് തുടർന്നും കൊടുക്കാനും അതോടൊപ്പം അന്ന് മാറ്റിവച്ച അപേക്ഷകൾ പരിഗണിച്ച് അർഹരായിട്ടുള്ളവർക്കെല്ലാം കൊടുക്കാനും ക്യാബിനറ്റ് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പുതിയ അപേക്ഷകൾ ക്ഷണിക്കുന്നതല്ല. ഏതാനും മാസങ്ങൾക്കുമുമ്പ് എടുത്ത തീരുമാനമാണ്. അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതിൽ കുറച്ച് കാലതാമസം വന്നിട്ടുണ്ട്. ഇനിയും കാലതാമസം വരാതെ നോക്കുന്നതാണ്. ഇവർക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതോടൊപ്പം ജില്ലാതല കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്. ഏതായാലും ഇവർക്ക് പെൻഷൻ കിട്ടുന്നതിനുള്ള കാലതാമസം പൂർണ്ണമായിട്ടും ഒഴിവാക്കും.

(5) കരവാരം പഞ്ചായത്തിലെ കേശവൻനായരുടെ ദുരൂഹ മരണം

ശ്രീ. എൻ. രാജൻ : കരവാരം ഗ്രാമ പഞ്ചായത്തിലെ ആലംകോട് മണ്ണൂർ ഭാഗം പള്ളിമുക്കിൽ സിന്ധുഭവനിൽ സി.പി.ഐ. ലോക്കൽ കമ്മിറ്റി സെക്രട്ടറിയായിരുന്ന കേശവൻ നായരെ കഴിഞ്ഞമാസം 24-ാം തീയതി വൈകിട്ട് ഒരു സംഘം ആർ.എസ്.എസ്. പ്രവർത്തകർ പതുങ്ങിയിരുന്ന് തലയ്ക്ക് വെട്ടുകയും തുടർന്ന് 25-ാം തീയതി ആറ്റിങ്ങൽ പോലീസ് സ്റ്റേഷനിൽ പരാതി കൊടുക്കുകയും 29-ാം തീയതി പ്രതിയെ പോലീസ് കസ്റ്റഡിയിൽ എടുക്കുകയും അന്നുതന്നെ ആർ.എസ്.എസ്.-കാർ ഒരു വലിയ സംഘം ചേർന്ന് പോലീസ് സ്റ്റേഷൻ വളയുകയും ആ പ്രതിയെ ഇറക്കിക്കൊണ്ടുപോകുകയും ചെയ്തു. അന്നുമുതൽ ഈ കേസിലെ പ്രതികൾ നേരിട്ടും പരസ്യമായും അല്ലാതെയും ഒക്കെ ഈ കേശവൻ നായരെ വകവരുത്തിക്കളയും എന്ന് പല പ്രാവശ്യം ഭീഷണിപ്പെടുത്തുകയുണ്ടായി. എന്നാൽ ഈ മാസം 2-ാം തീയതി രാവിലെ കേശവൻനായർ ദുരൂഹമായ സാഹചര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly